പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3043 — 13/10/2011 - ൽ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികൾക്ക് പോലീസ് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ. വി. എസ്. സുനിൽകുമാർ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്നതിനും ജോലി ചെയ്യിക്കുന്നതിനും പോലീസ് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ക്രിമിനൽ കേസ്സിൽ പ്രതിയാക്കപ്പെട്ടവരുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ രേഖപ്പെടുത്തുന്നതിന് സംവിധാനമേർപ്പെടുത്തുമോ? | (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പേരും വിവരങ്ങളും അടങ്ങിയ രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിക്കുന്നുണ്ട്. ക്രിമിനൽ കേസുകളിൽ പ്രതികളാക്കപ്പെട്ടവരുടെ വിരലടയാളവും മറ്റ് വിശദവിവരങ്ങളും എടുത്ത് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും സംശയിക്കപ്പെടുന്നവരുടെ ബാഡ്ക്യാരക്ടർ റോൾ-ബി (ബി.സി.ആർ-ബി) തയ്യാറാക്കി മാതൃപോലീസ് സ്റ്റേഷനുകളിലേക്ക് അയച്ചു കൊടുത്ത് മറുപടി റിപ്പോർട്ട് ലഭ്യമാക്കി അനന്തര നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഇതിന് പുറമെ ക്രിമിനൽ പശ്ചാതലമുള്ള മുഴുവൻ അന്യ സംസ്ഥാന |

തൊഴിലാളികളെയും ലോക്കൽ, പോലീസും സ്പെഷൽ ബ്രാഞ്ച് പോലീസും നിരന്തരം നിരീക്ഷിക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ